14-ാം കേരള നിയമ സഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 224 07.08.2017-ൽ മറുപടിയ്ക്ക്

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ടി. ബൽറാം : | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞവർഷത്തെ ഫീസ് നിരക്കിൽ കരാർ ഒപ്പിട്ടുവാൻ തയ്യാറുള്ള സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളിൽ നിന്ന് സർക്കാർ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | (എ) | കഴിഞ്ഞ വർഷത്തെ ഫീസ് നിരക്കിൽ കരാർ ഒപ്പിടാൻ സന്നദ്ധതയുള്ള സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാരിനെ സമീപിക്കാവുന്നതാണെന്ന് കാട്ടി പത്രക്കുറിപ്പ് നൽകിയിരുന്നു. |
| (ബി) | ഇപ്രകാരം നാളിതുവരെ എത്ര കോളേജുകളാണ് അപേക്ഷ നൽകിയിട്ടുള്ളത്; കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 9 സ്വാശ്രയ മെഡിക്കൽ കോളേജുകൾ കരാർ ഒപ്പിടാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.<br>എല്ലാ സീറ്റുകളിലേയ്ക്കും അലോട്ടമെന്റ് നടത്തുന്നതും സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതും പ്രവേശന പരീക്ഷ കമ്മീഷണറായിരിക്കും എന്നതാണ് മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായ പ്രധാന നിബന്ധനകൾ |
| (സി) | ഒരു വിഭാഗം കോളേജുകളിൽ ഫീസ് നിർണ്ണയ സമിതി നിശ്ചയിച്ച ഫീസും മറ്റൊരു വിഭാഗത്തിൽ കഴിഞ്ഞ വർഷത്തേതുപോലെ നാലുതരം ഫീസും ഈടാക്കി വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നതിന് നിയമ പരിരക്ഷ ലഭിക്കുമോ; | (സി) | 2017 ലെ 14-ാം നമ്പർ ഓർഡിനൻസിലെ 17-ാം ഖണ്ഡ പ്രകാരം സർക്കാരിന് ഫീസോ അങ്ങനെയുള്ള മറ്റേതെങ്കിലും സംഗതിയോ സംബന്ധിച്ച് ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഏതൊരു ഉടമ്പടിയിലും ഏർപ്പെടാവുന്നതാണ് |

(............2)

(ഡി) ഫീസ് നിർണ്ണയ സമിതി നിശ്ചയിച്ച ഫീസ് അന്യായവും സാധാരണക്കാരായ വിദ്യാർത്ഥികളെ മെഡിക്കൽ പഠനത്തിൽ നിന്നും അകറ്റുന്നതുമാണെന്നതിനാലാണോ കഴിഞ്ഞ വർഷത്തെ ഫീസിലേക്ക് തിരിച്ചുപോകുവാൻ സർക്കാർ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ?

(ഡി) സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങൾക്ക് മുൻ വർഷങ്ങളിലെ പോലെ സർക്കാരുമായി കരാറിലേർപ്പെടാനുള്ള അവസരം നൽകുക മാത്രമാണ് ചെയ്തത്. മറ്റുള്ള കോളേജുകളിൽ പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി നിശ്ചയിച്ച ഫീസായിരിക്കും ബാധകമാകുന്നത്.